ഇ.എൻ.എഫ് (2)/18006/2016

ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ, വികാസ് ഭവൻ (പി.ഒ)
തിരുവനന്തപുരം - 695 033.
തീയതി : 23/10/2017,
ഫോൺ : 0471 - 2783900, 2783950,
ഇ-മെയിൽ : gsectionlcoffice@gmail.com

## സർക്കുലർ നമ്പർ: 15/2017

കേരളത്തിലെ വ്യാപാര വാണിജ്യ സ്ഥാപനങ്ങളെയും ഫാക്ടറികളെയും പ്രത്യേക മാനദണ്ഡങ്ങൾക്ക് വിധേയമാക്കി പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത്, ടി സ്ഥാപനങ്ങൾക്ക് Certificate of Excellence നൽകുന്നതിന് തൊഴിൽ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടം എന്ന നിലയിൽ ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോസ്പിറ്റലുകൾ, കൺസ്ട്രക്ഷൻ മേഖല, ഹോട്ടലുകൾ-റസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ജ്യൂവലറികൾ, സെക്യൂരിറ്റി എന്നീ മേഖലകളിലാണ് ഗ്രേഡിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ടി മേഖലകളിലെ സ്ഥാപനങ്ങളിൽ അവയുടെ തൊഴിൽ മേഖല തിരിച്ച് പ്രത്യേകം പ്രത്യേകം ഗ്രേഡിംഗ് നടപ്പാക്കുന്നതും പ്രത്യേകം ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്. സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിന് 7 മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും ഗ്രേഡിംഗിന്റെ സുഗമമായ നടത്തിപ്പിനായി സംസ്ഥാനതല കമ്മിറ്റി, ജില്ലാതല കമ്മിറ്റി എന്നിവ രൂപീകരിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്.

ഗ്രേഡിംഗ് സംബന്ധിച്ച പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റത്തിൽ ഒരു പുതിയ Software module, വികസിപ്പിച്ചെടുക്കുകയും ആയതിന്റെ പരിശോധന നടത്തി പ്രവർത്തനം വിലയിരുത്തി റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ മുതൽ അസിസ്റ്റന്റ് ലേബർ ആഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥർക്ക് പരിചയപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രേഡിംഗിനായി അപേക്ഷിക്കുന്ന സ്ഥാപനം സമർപ്പിച്ചിരിക്കുന്ന വിവരങ്ങൾ അസിസ്റ്റന്റ് ലേബർ ആഫീസർമാർ പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ, സമീപകാലത്ത് ടി സ്ഥാപനത്തിൽ നടത്തിയ പരിശോധന അടിസ്ഥാനമാക്കാവുന്നതാണ്. തികച്ചും ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ മാത്രമേ, ഗ്രേഡിംഗിന് അപേക്ഷിച്ചതിനുശേഷം സ്ഥാപനത്തിൽ പരിശോധന നടത്തുവാൻ പാടുള്ളു. അപേക്ഷ പരിശോധിച്ച് നിശ്ചിത സമയത്തിനുള്ളിൽതന്നെ ആയത് ജില്ലാ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ കമ്മിറ്റി ടി അപേക്ഷ പരിശോധിക്കുകയും നിശ്ചിത തീയതിയിൽ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാണ്. അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ലഭിക്കുന്ന അപ്പീൽ അപേക്ഷകൾ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ നിശ്ചിത സമയത്തിനുള്ളിൽതന്നെ തീർപ്പാക്കേണ്ടതും ആയതിന്റെ അന്തിമ ലിസ്റ്റ് നിശ്ചിത തീയതിയിൽ പ്രസിദ്ധപ്പെടുത്തുകയും സംസ്ഥാനതല കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. അപ്പീൽ ഇല്ലാത്ത അപേക്ഷകൾ, ജില്ലാ കമ്മിറ്റിയും നിശ്ചിത സമയ പരിധിക്കുള്ളിൽ സംസ്ഥാനതല കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഗ്രേഡിംഗ് പദ്ധതി സംബന്ധിച്ച് സ്വീകരിക്കേണ്ട തുടർ നടപടികളുടെ വിവരവും ആയതിന്റെ സമയക്രമവും ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1) ***അപേക്ഷ സമർപ്പണം*** : സ്ഥാപനങ്ങളുടെ ചോദ്യാവലിക്കുള്ള മറുപടി തൊഴിലുടമകൾ ഓൺലൈനായി സമർപ്പിക്കുന്നിതുള്ള സമയപരിധി. | 2017 നവംബർ 1 മുതൽ ഡിസംബർ 31 വരെ |
| 2) ***വിശകലനം, സമർപ്പണം*** : ലഭിക്കുന്ന അപേക്ഷകൾ അസിസ്റ്റന്റ് ലേബർ ആഫീസർമാർ വിശകലനം ചെയ്ത് ജില്ലാ ലേബർ ആഫീസർ (ഇ) ചെയർമാനായ കമ്മിറ്റിക്ക് സമർപ്പിക്കേണ്ട സമയ പരിധി. | 2018 ജനുവരി 1 മുതൽ 15 വരെ |
| 3) ഖണ്ഡിക (2) പ്രകാരം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ കമ്മിറ്റി പരിശോധിച്ച് അന്തിമ ലിസ്റ്റ് പ്രസിദ്ധികരിക്കേണ്ട തീയതി. | 2018 ജനുവരി 31 |
| 4) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്ന തീയതി. | 2018 ഫെബ്രുവരി 1 മുതൽ 5 വരെ |
| 5) ഖണ്ഡിക (2), ഖണ്ഡിക (3) പ്രവർത്തനങ്ങളിന്മേലുള്ള അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള സമയപരിധിയും അപ്പീൽ ഇല്ലാത്ത അപേക്ഷകൾ ജില്ലാ കമ്മിറ്റി സംസ്ഥാനതല കമ്മിറ്റിക്ക് സമർപ്പിക്കേണ്ട സമയപരിധിയും. | 2018 ഫെബ്രുവരി 6 മുതൽ 10 വരെ |
| 6) അപ്പീൽ പരിശോധന കഴിഞ്ഞ് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതിയും സംസ്ഥാനതല കമ്മിറ്റിക്ക് സമർപ്പിക്കേണ്ട തീയതിയും. | 2018 ഫെബ്രുവരി 15 |
| 7) ഖണ്ഡിക (5), ഖണ്ഡിക (6) പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ സംസ്ഥാന കമ്മിറ്റിയുടെ പരിശോധന. | 2018 ഫെബ്രുവരി 16 മുതൽ |
| 8) ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ | 2018 ഫെബ്രുവരി അവസാനവാരം |

ലേബർ കമ്മീഷണർക്കുവേണ്ടി

***പകർപ്പ്*** :-

1. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും.
2. എല്ലാ ജില്ലാ ലേബർ ആഫീസർമാർക്കും.
3. എല്ലാ അസിസ്റ്റന്റ് ലേബർ ആഫീസർമാക്കും.

*AP: 10/2017*